പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 699 — 30.06.2015-ൽ മറുപടിക്ക്

## പ്രമേഹം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പ്രമേഹ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പ്രമേഹരോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. |
| (ബി) ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | (ബി) ജീവിതശൈലീ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് സംസ്ഥാന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി (അമൃതം ആരോഗ്യം). ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, കുടുംബക്ഷേമ ഉപ കേന്ദ്രങ്ങളിലും നടപ്പിലാക്കി വരുന്നു. ആറായിരത്തോളം വരുന്ന ഈ കേന്ദ്രങ്ങളിൽ ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം എന്നിവ നിർണ്ണയിക്കുന്നതിനുള്ള പ്രതിവാര ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രതലം വരെ ജീവിതശൈലീ രോഗങ്ങൾക്കായുള്ള മരുന്നുകളും സൗജന്യമായി നൽകി വരുന്നുണ്ട്. ജീവിതശൈലീ രോഗ നിയന്ത്രണത്തിനാവശ്യമായ ആരോഗ്യ ബോധവൽക്കരണം ജീവനക്കാരിലൂടെ നൽകി വരുന്നുണ്ട്.<br><br>സ്കൂൾ തലങ്ങളിൽ വിദ്യാർത്ഥികളെ ജീവിതശൈലീ രോഗങ്ങൾ വരാതെ പ്രതിരോധിക്കുന്നതിന് ആരോഗ്യ ബോധവൽക്കരണവും, യോഗ ഉൾപ്പെടെയുള്ള വ്യായാമങ്ങൾ പരിശീലിപ്പിക്കുന്നതിനും, LEAP (ലൈഫ് സ്റ്റൈൽ എഡ്യുക്കേഷൻ ആന്റ് അവയർനസ്സ് പ്രോഗ്രാം) നടപ്പിലാക്കി വരുന്നു. |

(......2)

വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്കായി Care on wheels, care on waves എന്നീ സഞ്ചരിക്കുന്ന ജീവിത ശൈലീ രോഗ നിയന്ത്രണ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. Work place Intervention -ലൂടെ ഓഫീസുകൾ, ഫാക്ടറികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്കും, പോലീസുകാർക്കുമായി SHAPE പ്രോഗ്രാമിലൂടെയും ജീവിതശൈലീ രോഗനിയന്ത്രണം നടത്തി വരുന്നു.

(സി) ജീവിത സാഹചര്യങ്ങളിലെ വ്യതിയാനം മൂലമുണ്ടാകുന്ന ഇത്തരം രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി സ്കൂൾ- കോളേജ് കരിക്കുലത്തിൽ 'യോഗ' പരിശീലനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

(സി) സ്കൂൾതലത്തിൽ വിദ്യാർത്ഥികളെ ജീവിതശൈലീ രോഗങ്ങൾ വരാതെ പ്രതിരോധിക്കുന്നതിനായി ആരോഗ്യ ബോധവൽക്കരണവും യോഗ ഉൾപ്പെടെയുള്ള വ്യായാമങ്ങൾ പരിശീലിപ്പിക്കുന്നതിനും LEAP പദ്ധതി (Life Style Education Awareness Programme) നടപ്പിലാക്കി വരുന്നു. സ്കൂൾ ആരോഗ്യപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ സ്കൂൾ ഹെൽത്ത് നഴ്സുമാർ വഴി യോഗ പരിശീലനവും നടത്തി വരുന്നുണ്ട്. സംസ്ഥാന ആരോഗ്യവകുപ്പിന്റെ ആരോഗ്യപദ്ധതിയിൽ യോഗ പരിശീലനത്തിന് പ്രത്യേക ഫണ്ട് അനുവദിക്കാറുണ്ട്. കോളേജ് കരിക്കുലത്തിൽ 'യോഗ' പരിശീലനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ